# ക്നാനായ സമുദായം പുതിയ വഴിത്തിരിവിൽ

ജോസഫ് മുല്ലപ്പള്ളി



പൗലോസ് ശ്ലീഹാ ഗെലാത്തിയക്കാർക്ക് എഴുതിയ ലേഖനം (അദ്ധ്യായം 3, വാക്യങ്ങൾ 26–29) 'യേശുക്രിസ്തുവിലുള്ള വിശ്വാസം വഴി നിങ്ങൾ എല്ലാവരും ദൈവ പുത്രന്മാരാണ്. ക്രിസ്തുവിനോട് ഐക്യപ്പെടുവാൻ വേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ–ഗ്രീക്കുകാരനെന്നോ, അടിമയെന്നോ– സ്വതന്ത്രനെന്നോ, പുരുഷനെന്നോ–സ്ത്രീയെന്നോ, വിത്യാസം ഇല്ല. നിങ്ങൾ എല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്. നിങ്ങൾ ക്രിസ്തുവിന് ഉള്ളവരാണെങ്കിൽ അബ്രാഹമിന്റെ സന്തതികളാണ്. വാഗ്ദാനം അനുസരിച്ചുള്ള അവകാശികളുമാണ്.' പൗലോസ് ശ്ലീഹാ എഴുതിയിട്ടുള്ള മറ്റ് പല ലേഖനങ്ങളിലും ഇതേ ആശയം, ചിലപ്പോൾ ഇതേ വാക്യങ്ങൾ തന്നെ ആവർത്തിയ്ക്കുന്നുണ്ട്. യഥാർത്ഥ ക്രിസ്തുമത വിശ്വാസി തന്റെ മാർഗദീപവും ജീവിതചര്യയുടെ ഭാഗവുമായി കരുതേണ്ട ബൈബിളിലെ ഇത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളുവാൻ കോട്ടയം രൂപതാധികൃതർക്കും ഒരു വിഭാഗം ക്നാനായ സഹോദരങ്ങൾക്കും കഴിഞ്ഞിരുന്നുവെങ്കിൽ, അമേരിക്കയിലെ ക്നാനായ പാരിഷുകളിലെ അംഗത്വത്തെച്ചൊല്ലി തുടരുന്ന വിവാദവും അതേചൊല്ലി സ്വദേശത്തും വിദേശത്തുമുള്ള ക്നാനായ സമൂഹത്തിൽ പരന്നിരിയ്ക്കുന്ന ആശങ്കകളും സംഭവിയ്ക്കില്ലായിരുന്നു.

അമേരിക്കയിലെ ക്നാനായ കാത്തലിക് പാരീഷുകളിലേക്കും, മിഷനിലേയും അംഗത്വത്തെ ചൊല്ലിയുള്ള തർക്കത്തിന് മൂന്ന് പതിറ്റാണ്ടിലേറെ പഴക്കമുണ്ട്. വത്തിക്കാനിലെ പൗരസ്ത്യതിരുസംഘം 1986ൽ ഒരു കല്പന പുറപ്പെടുവിക്കുകയും നിരവധി തവണ അതേ നിലപാട് ആവർത്തിച്ച് സ്ഥിരീകരിയ്ക്കുകയും, ഈ കല്പന നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ നിരന്തരം ആരാഞ്ഞുകൊണ്ടുമിരിയ്ക്കുന്ന സാഹചര്യത്തിൽ ഇതിനേ ഒരു തർക്കമെന്ന് വിശേഷിപ്പിയ്ക്കുവാൻ കൂടി കഴിയില്ല. കത്തോലിക്കാ സഭയുടെ ഭാഗമായി നില കൊണ്ട് നിരവധി ആനുകൂല്യങ്ങൾ നേടിയിട്ടുള്ള ഒരു സമൂഹം, സഭയുടെ കല്പനകൾ അനുസരിക്കുവാൻ ബാധ്യസ്ഥരാണെന്ന അറിവുണ്ടായിട്ടും, നിക്ഷേധാത്മകമായി അവയെ സമീപിയ്ക്കുവാൻ കാട്ടുന്ന ധാർഷ്ട്യതയും അനുസരണക്കേടും മാത്രമാകാം ഇത്.

ആരാധനാ സ്വാതന്ത്ര്യം ഭരണഘടനാപരമായ ഒരവകാശത്തേക്കാളുപരിയായി അത് അനുഭവിക്കുകയും അംഗീകരിക്കുകയും ചെയ്യുക സമൂഹത്തിന്റെയും, ദേശത്തിന്റെയും അടിസ്ഥാന സ്വഭാവമായി കരുതുന്ന ഒരു ജനതയ്ക്ക്, ആരാധനാസ്വതന്ത്ര്യം നിഷേധിക്കുവാനുള്ള ശ്രമം അവിവേകമാണ്. കേരളത്തിൽ തുടർന്നു പോന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം അമേരിക്കയിലും ഇത്തരം അക്രൈസ്തവ നടപടികളും അനീതിയും പിൻതുടരണമെന് ചിന്ത വികലവുമാണ്. ക്നാനായക്കാരുടെ അമേരിക്കയിലെ തറവാടെന്ന് വിശേഷിപ്പിക്കുന്ന ചിക്കാഗോയിൽ നിന്ന് തന്നെ അവരുടെ സമൂഹ മനോപരിവർത്തനത്തിനുള്ള തിരി കൊളുത്തിയെന്നത് സാന്ദർശികം മാത്രമാകില്ല. ലോകതൊഴിലാളി മുന്നേറ്റത്തിനെന്നെപോലെ നിരവധി പുരോഗമന ആശയങ്ങൾക്കും സ്വതന്ത്ര്യചിന്തകൾക്കും ജന്മം നൽകിയ ചിക്കാഗോ നഗരത്തിന്റെ മറ്റൊരു നിയോഗം കൂടിയാകാം അത്.

ഇന്ത്യക്കു വെളിയിൽ ആദ്യമായി രൂപംകൊണ്ട ക്നാനായ കൂട്ടായ്മ ആയിരുന്നു KANA എന്ന സംഘടന. ക്നാനായ മാതാപിതാക്കൾക്ക് ജനിച്ച എല്ലാവരേയും അവരുടെ കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി രൂപീകരിച്ചതാണ് ഈ സംഘടന. ഏറെ സൗഹൃദത്തിലും, സഹകരണത്തിലും, കാര്യക്ഷമതയോടും കൂടിയും പ്രവർത്തിച്ചിരുന്ന ഈ സംഘടനയിൽ നിന്ന് ചിലർ വേർപെട്ട് ക്നാനായ കത്തോലിക്കാ കോൺഗ്രസ്, ക്നാനായ അസോസിയേഷൻ ഓഫ്  ചിക്കാഗോ എന്നീ സംഘടനകൾക്ക് രൂപംനൽകി. ഈ സംഘടനകൾക്ക് രൂപം നൽകി. ഈ സംഘടനകൾക്ക് രൂപം നൽകി. ഈ സംഘടനകളാണ് KCS എന്ന പേരിൽ പിന്നീട് രൂപാന്തരപ്പെട്ടത്. സ്വവംശവിവാഹ നിഷ്ഠപാലിക്കാത്തവർക്ക് ഈ സംഘടനയിൽ അംഗത്വം അനുവദിയ്ക്കില്ല.

1982–ൽ ചിക്കാഗോയിലെ സീറോ മലബാർ വിശ്വാസികൾക്കായി ഒരു മിഷൻ സ്ഥാപിയ്ക്കുകയും, അതിന്റെ സേവനത്തിനായി ക്നാനായ സമുദായംഗമായ ബഹു.ചൊള്ളമ്പേൽ ജേക്കബ് അച്ചൻ ചുമതല ഏൽക്കുകയും ചെയ്തു. നാളുകൾക്ക് ശേഷം വടക്കുംഭാഗ സമുദായത്തിൽപെട്ട ഒരു വൈദികന്റെ സേവനം ലഭ്യമായപ്പോൾ അവർ വെർപെടുകയുണ്ടായി. ബഹു.ചൊള്ളമ്പേലച്ചന്റെ കുർബാനയിൽ ക്നാനായക്കാർ മാത്രം പങ്കെടുക്കുവാൻ തുടങ്ങിയപ്പോൾ ക്നാനായ മിഷനിലെ അംഗത്വത്തെ ചൊല്ലിയു

ള്ള വിവാദം ഉടലെടുത്തു. സ്വവംശ വിവാഹ നിഷ്കർഷവും, രക്തശുദ്ധിവാദവും ദേവാല യംഗത്വത്തിനായി പരിഗണിയ്ക്കുന്ന നടപടി ഉൾക്കൊള്ളുവാനും, അംഗീകരിക്കുവാനും ക ഴിയാത്ത ചിക്കാഗോ അതിരൂപതാധികൃതർ തർക്ക പരിഹാരത്തിനായി റോമിന്റെ മാർക്ഷ നിർദ്ദേശം ആരായുകയായിരുന്നു. ഈ വിഷയം വളരെ ഗൗരവകരമായി പരിഗണിച്ച പൗര സ്ത്യ തിരുസംഘത്തലവൻ കർദ്ദിനാൾ ലൂർദ്ദ് സ്വാമി, വിശദമായ പഠനങ്ങൾക്കും ചർച്ച കൾക്കും ശേഷം ക്നാനായ സാമുദായത്തിന്റെ ഗതിതന്നെ മാറ്റുവാൻ ഉതകുന്നൊരു തിരു വെഴുത്ത് പുറപ്പെടുവിച്ചു. 1986 ജനുവരിയിൽ ചിക്കാഗോ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ജോസഫ് ബർണഡിന് ലഭിച്ച പ്രസ്തുത തിരുവെഴുത്ത് 1986 ജൂലൈയിൽ അദ്ദേഹം വെളി പ്പെടുത്തുകയും, ക്നാനായ മിഷനിലെ അംഗത്വം പ്രസ്തുത കല്പന പ്രകാരമായിരിയ്ക്ക ണമെന്ന് നിഷ്കർഷിയ്ക്കുകയും ചെയ്തു. പൗരസ്ത തിരുസംഘത്തിന്റെ ഈ കല്പനയി ലെ പ്രസക്തഭാഗം ഇതാണ്.

The special ministry for the knanaya community can be faithfully conducted on the basis that those knanaya catholics who married non- knanaya spouces enjoy equal status in the ministry. This congregation does not accept that the customary practica followed in Kerala, of excluding from the community those who marry non- knanaya spouces, is extensive to the united status of America.

The Congregation also went on to point out that the Bishop of kottayam has no authority over the faithful outside of his territory and that the community here in chicago is under the exclusive jurisdiction of the Archbishop of Chicago.

റോമിന്റെ കല്പനയും, ചിക്കാഗോ അതിരൂപതയുടെ നിർദ്ദേശവും അനുസരിച്ച് പുറത്തും നിന്നും അകത്തുനിന്നും വിവാഹം കഴിച്ചവരെ ഉൾപ്പെടുത്തി ചിക്കാഗോയിലെ ക്നാനായ മിഷൻ സുഗമമായി പ്രവർത്തിച്ചുവരികെയാണ് 1996ലെ KCCNA കൺവൻ ഷൻ ചിക്കാഗോയിൽ നടത്തപ്പെട്ടത്. കൺവെൻഷനിൽ പങ്കെടുക്കുവാൻ എത്തിയ ബ ഹു.കുന്നശേരി പിതാവിൽ ഒരു വിഭാഗം ക്നാനായ സഹോദരങ്ങൾ സമ്മർദ്ദം ചെലുത്തി റോമിൽ നിന്നും ലഭിച്ച കല്പന റദ്ദാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. കുന്നശേരി പി താവിന്റെ അപ്പീൽ റോം തള്ളി. അതിലൂള്ള പ്രതിഷേധമായിരുന്നു റോമിൽ സംഘടിപ്പിച്ച ഗ്ലോബൽ കൺവെൻഷൻ. സമ്മേളനത്തിന് വേണ്ടത്ര ചലനം സൃഷ്ടിക്കാൻ കഴിയാതായ പ്പോൾ, അപേക്ഷയുമായി വത്തിക്കാൻ അധികൃതരെ സമീപിച്ച ഗ്ലോബൽ നേതൃത്വത്തിന്, സഭയുടെ അചഞ്ചലമായ നിലപാടാണ് ദർശിക്കുവാൻ കഴിഞ്ഞത്.

കോട്ടയം രൂപതയുടെ പിന്തുണയോടും, അമേരിക്കയിലെ ക്നാനായ വൈദികരു ടെയും സംഘടനകളുടെയും പങ്കാളിത്തത്തോടും കൂടി 2001–ൽ ചിക്കാഗോയിൽ സ്ഥാ

പിതമായ സെന്റ് തോമസ് സീറോ മലബാർ രൂപത വഴി സ്വവംശ വിവാഹ നിഷ്കർഷ അമേരിക്കയിലും സാധ്യമാക്കാമെന്നു പ്രതീക്ഷയിലായിരുന്നു നമ്മുടെ വൈദികരും സംഘടനാ നേതൃത്വവും. ഇവിടെയും. ഇവിടെയും അവർക്ക് നിരാശയാണുണ്ടായത്. റോമിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ രൂപീകൃതമായ സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്തിന് റോമിന്റെ മാർക്ഷനിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ പ്രവർത്തിയ്ക്കുവാൻ കഴിയുമായിരുന്നുള്ളു. ക്നാനായ സമുദായത്തോട് ഏക്കാലവും ഊഷ്മളമായ ബന്ധം നിലനിർത്തിയിട്ടുള്ള പിതാവിന് അംഗത്വപ്രശ്നം രമ്യമായി പരിഹരിക്കണമെന്ന ആഗ്രഹമാണുള്ളത്. സദ്ഉദ്ദേശത്തോടുകൂടി അംഗത്വപ്രശ്നത്തിൽ നിരവധി തവണ റോമിൽ നിന്നു വിശദീകരണം തേടിയിട്ടുള്ള പിതാവിന് 1986–ലെ കല്പന നടപ്പിലാക്കണമെന്ന നിർദ്ദേശമാണ് അവിടെനിന്നും ആവർത്തിച്ച് ലഭിച്ചിട്ടുള്ളത്.

അങ്ങാടിയത്ത് പിതാവിന് കോട്ടയം രൂപതയോടും അമേരിക്കയിലെ ക്നാനായ സമുദായാംഗങ്ങളോടും ഉള്ള സ്നേഹത്തിന്റെയും, പ്രത്യേക താൽപര്യത്തിന്റെയും ഉത്തമ ഉദാഹരണമാണ് ഒരു ക്നാനായ വൈദികനെ തന്റെ വികാരി ജനറൽമാരിൽ ഒന്നായി നിയമിച്ചതും, അമേരിക്കയിലെ ക്നാനായ പാരീഷ്കളും, മിഷനുകളും അദ്ദേഹത്തിന്റെ കീഴിൽ പ്രത്യേക ഫോറാനാ ആക്കിനൽകിയതും എത്രയോ കോട്ടയം രൂപതാ വൈദികൾക്ക് ഇവിടെയെത്തി സേവനം ചെയ്യുവാൻ അദ്ദേഹം അവസരം ഒരുക്കി. യാതൊരു നിയന്ത്രണവും ഏർപ്പെടുത്താതെ കോട്ടയം രൂപതാദ്ധ്യക്ഷനും, സഹായ മെത്രാനും നമ്മുടെ ദേവാലയം സന്ദർശിക്കുവാനും സാമുദായിക താല്പര്യങ്ങൾ പ്രചരിപ്പിക്കുവാനും പിതാവ് അനുവദിയ്ക്കുന്നുണ്ട്.

ഇപ്പോൾ അംഗത്വ പ്രശ്നത്തിൽ പുതിയൊരു വിശദീകരണം തേടുന്നതിനുള്ള സാധ്യത കൂടി തള്ളിക്കളഞ്ഞിരിക്കുകയാണ് വത്തിക്കാൻ അധികൃതർ. 1986– മുതൽ അവസാനമായി 2008 വരെ ഈ വിഷയത്തിൽ റോമിൽനിന്നും ലഭിച്ചിട്ടുള്ള നിരവധി കത്തുകൾ കാനാ യഥാസമയം സമുദായാംഗങ്ങളെ ധരിപ്പിച്ചിട്ടുള്ളതാണ്. അവ അംഗീകരിയ്ക്കാൻ കൂട്ടാക്കാത്ത സഭാ, സമുദായ നേതൃത്വം അവയെല്ലാം കെട്ടിച്ചമച്ചവയാണെന്ന വ്യാജപ്രകരണമാണ് നടത്തിയിരുന്നത്. എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി അമേരിക്കയിലെ വിവിധ നഗരങ്ങളിൽ സ്ഥാപിതമായ ക്നാനായ പാരീഷുകളെചൊല്ലി പൊട്ടിപ്പുറപ്പെട്ട സംഘർഷവും, ഈ മെയിൽ യുദ്ധവും റോമിന്റെ കത്തുകൾ പ്രചരിപ്പിക്കുവാൻ ഇവരെയും നിർബന്ധിതരാക്കി.

വസ്തുതകൾ ഇങ്ങനെ ആയിരിക്കേ, അങ്ങാടിയത്ത് പിതാവിനെ പഴിച്ച് നിസ്സഹകരണവുമായി മുന്നോട്ട് പോകുന്നത് ഉചിതമാണോയെന്ന് KCCNA നേതൃത്വം പുനർവിചിന്തനം ചെയ്യേണ്ടതാണ്. അല്മായ സംഘടനകൾ അവിവേക നിലപാടുകൾ ചിലപ്പോൾ സ്വീകരിക്കുമ്പോൾ അവരെ തിരുത്തുവാൻ വൈദികൾക്കും സഭാ മേലധ്യക്ഷന്മാർക്കും കടമയുണ്ട്. അത്തരത്തിലൊരു സമീപനമല്ല അമേരിക്കയിലെ ക്നാനായ വൈദികരും കോട്ടയം രൂപതാധ്യക്ഷനും സ്വീകരിച്ചിട്ടുള്ളത്. ഏതാനും നാളുകൾക്കു മുൻപ് ലോസ് ഏഞ്ചലസിൽ മൂലക്കാട്ട് പിതാവിന്റെ മദ്ധ്യസ്തയിൽ, അമേരിക്കയിലെ ക്നാനായ വൈദികരും, KCCNA നേതൃതവും ചേർന്ന് ക്നാനായ പാരിഷ്കളിലെ അംഗത്വവിഷയത്തിൽ കൈക്കൊണ്ട തീരുമാനവും, വലിയൊരാഘോഷമായി പരസ്യമായി ചിക്കാഗോയിൽ ആ തീരു

മാനം പ്രഖ്യാപിച്ച മൂലക്കാട്ട് പിതാവിന്റെ നടപടിയും വത്തിക്കാന്റെ കല്പനകൾ ഇനിയും അംഗീകരിക്കാൻ തങ്ങൾ തയ്യാറല്ലന്ന സൂചനയല്ലേ നൽകുന്നത്.

ക്നാനായ മാതാപിതാക്കൾക്ക് ജനിച്ച വ്യക്തികൾ എക്കാലവും ക്നാനായക്കാരായി തുടരും എന്ന പിതാവിന്റെ പ്രസ്താവന ഇത്രനാൾ സ്വീകരിച്ച കടുത്ത നിലപാടുകളിൽ നിന്നുള്ള വ്യതിയാനമെന്ന നിലയിൽ സ്വാഗതാർഹമായി തോന്നിയേക്കാം. എന്നാൽ സ്വവംശ വിവാഹനിഷ്ഠ പാലിക്കാൻ കഴിയാത്തവരുടെ ഭാര്യമാരെയും കുട്ടികളെയും തങ്ങൾ സ്വീകരിക്കില്ലെന്നും, അവർ സമീപത്തുള്ള ക്നാനേയതര ദേവാലയങ്ങളിൽ അംഗത്വം തേടണമെന്നുമുള്ള പ്രഖ്യാപനം തികച്ചും നിർഭാഗ്യകരമായി. ദേശത്തിന്റെയും കാനോൻ നിയമങ്ങളുടെയും ലംഘനമാല്ലേയിത്? വിവാഹമെന്ന കൂദാശയുടെ പവിത്രതയോടും കുടുംബമൂല്യ സങ്കല്പങ്ങളോടും ഇത്ര ലാഘവത്തോടെയുള്ള കത്തോലിക്കാ മെത്രാപ്പോലീത്തായുടെ സമീപനം നിരാശ്ശാജനകമാണ്.

മൂലക്കാട്ട് പിതാവിന്റെ ചിക്കാഗോ പ്രഖ്യാപനത്തിന്റെ അനൗചിത്യം ഏറെ സ്പഷ്ടമാകുന്നത് ഈ പ്രഖ്യാപനം, റോമിന്റെ കടല്പനയ്ക്കനുസൃതമായി തന്റെ ചുമതലയിലുള്ള അമേരിക്കയിലെ ക്നാനായ ദേവാലയംഗങ്ങളിലെ അംഗത്വ വിഷയത്തിൽ അങ്ങാടിയത്ത് പിതാവ് സ്വീകരിച്ചിട്ടുള്ള നീതിപൂർവ്വമായ നിലപാടിന് വിരുദ്ധമാണെന്നതാണ്. പൊതുസമ്മേളനത്തിലും, ക്നാനായ പാരീഷ് അംഗത്വത്തിൽ പിതാവിനുള്ള നിലപാട് അദ്ദേഹം വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ കാലിഫോർണിയയിലുള്ള നമ്മുടെ സഹോദരനായ സിറിയക്ക് പറത്തറയ്ക്ക് അദ്ദേഹം രേഖാമൂലവും ഈ ഉറപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ പറയുന്നത് ഇതാണ്.

knanaya Catholic Missions are recoganizsed as missions of this st. Thomas Syro Malabar Diocese of Chicago based on the “Sinstructions” I have received from the Congregation for oriental Churches in Rome. Knanaya Missions are for all Knanaya Catholics. But no Knanaya Missions in this dioceses is strictly endogamous. Knanaya Catholics who het married to non- knanaya spouces will continue in their knanaya missions along with their spouces and children.”

പ്രിയ ക്നാനായ സഹോദരരേ, വിവാദങ്ങൾ അവസാനിപ്പിയ്ക്കാൻ സമയമായി, അല്ലാ അത് ഏറെ വൈകിപ്പോയി. റോമിന്റെ കല്പനകളും അങ്ങാടിയത്ത് പിതാവിന്റെ കത്തിലെ സന്ദേശവും അർദ്ധശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാണ്. ആധുനിക സമൂഹത്തിന്റെ സമത്വഭാവത്തിനും, ‘ഏകവും, പരിശുദ്ധവും, ശ്ലൈഹീവും, സാർവ്വത്രകിവുമായ സഭ’ എന്ന കത്തോലിക്കാ സഭയുടെ അടിസ്ഥാന സ്വഭാവത്തിന് അനുസൃതമാണിത്. ത

ന്നെപ്പോലെതന്നെ തന്റെ അയൽക്കാരനേയും സ്നേഹിയ്ക്കുക എന്ന മഹത്തായ യേശു പ്രബോധനത്തിന്റെ ഓർമ്മിപ്പയ്ക്കലും.